"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.രാജേഷ്.കെ., ജൂനിയർ കൺസൾട്ടന്റ് (ഓർത്തോപീഡിക് സർജറി) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA(EKM) 1139/2024-മേലുള്ള 05.09.2024 ലെ ഉത്തരവ് - അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2779/2024/H&FWD    തീയതി,തിരുവനന്തപുരം, 18-11-2024

---

പരാമർശം:-

1. ഡോ.രാജേഷ്.കെ., ജൂനിയർ കൺസൾട്ടന്റ് (ഓർത്തോപീഡിക് സർജറി) സമർപ്പിച്ച 27.08.2024 തീയതിയായ അപേക്ഷ (Annexure-A8).
2. OA(EKM) 1139/2024-മേലുള്ള ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 05.09.2024 തീയതിയിലെ ഉത്തരവ്.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.10.2024-ലെ DHS/20449/2024-EB3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ ത്യപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ) ഡോ.രാജേഷ്.കെ. 2024-ലെ പൊതുസ്ഥലംമാറ്റത്തിനെതിരെ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA(EKM) 1139/2024 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. ടി വിഷയത്തിൽ ടിയാൻ സർക്കാർ മുമ്പാകെ സമർപ്പിച്ച പരാമർശം (1) അപ്പീൽ അപേക്ഷ ഉത്തരവ് കൈപ്പറ്റി രണ്ട് മാസത്തിനുള്ളിൽ നിയമാനുസൃതമായി പരിഗണിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാൻ പരാമർശം (2) പ്രകാരം ബഹു:ട്രൈബ്യൂണൽ സർക്കാരിന് നിർദേശം നൽകിയിരുന്നു.

**2)**Annexure A8 അപ്പീൽ അപേക്ഷയിൽ സൂചിപ്പിച്ചിരുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു:

നിലവിൽ തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ഓർത്തോപീഡിക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ജോലി നോക്കി വരുന്നു. 29.06.2018 മുതൽ എറണാകുളം ജനറൽ ആശുപത്രിയിൽ ജോലി ചെയ്തു വരികയും, ടി സ്റ്റേഷനിൽ 6 വർഷം പൂർത്തിയാക്കിയ വേളയിൽ (SC/ST protection) 2024-ലെ പൊതുസ്ഥലംമാറ്റത്തിന് ഓപ്ഷൻ

ക്ഷണിക്കുകയുണ്ടായി. സ്ഥലംമാറ്റ അപേക്ഷയിൽ ജില്ലാ ആശുപത്രി, ആലുവ 1-ാമത്തെ ഓപ്ഷനായി വയ്ക്കുകയും, കരട് സ്ഥലംമാറ്റ പട്ടികയിൽ ടി സ്റ്റേഷനിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ച് പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ അന്തിമ സ്ഥലംമാറ്റ ഉത്തരവിൽ തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്കാണ് സ്ഥലംമാറ്റം അനുവദിച്ചത്. കഴിഞ്ഞ 6 വർഷമായി ആലുവ ജില്ലാ ആശുപത്രിയിൽ ജോലി നോക്കി വരുന്ന ഡോ.സിറിൽ ജി. ചെറിയാനെ, ടിയാൻ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും, ആലുവ ജില്ലാ ആശുപത്രിയിൽ നിലനിറുത്തുകയാണ് ഉണ്ടായത്. ഇതിനെതിരെ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് 08.08.2024 തീയതിയായി അപേക്ഷ സമർപ്പിച്ചിരുന്നു. എറണാകുളം ജനറൽ ആശുപത്രിയിൽ തുടർന്നിരുന്ന കാലയളവിൽ Trauma Nodal Officer ആയി പ്രവർത്തിച്ചിരുന്നു. ടി കാലയളവിൽ 1700 മേജർ ശസ്ത്രക്രിയകളും, 700-ൽ അധികം മൈനർ ശസ്ത്രക്രിയകളും, 500 മുട്ട് മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളും, 500 താക്കോൽ ദ്വാര ശസ്ത്രക്രിയകളും നടത്തിയിട്ടുണ്ട്. ആലുവ ജില്ലാ ആശുപത്രിയിലേയ്ക്ക് തന്നെ സ്ഥലംമാറ്റം അനുവദിച്ചു കിട്ടിയാൽ ജനങ്ങൾക്ക് ഉപകാര പ്രദമാകുന്ന രീതിയിൽ ഈ ശസ്ത്രക്രിയകളെല്ലാം തുടർന്നു നടത്തുന്നതിന് സാധിക്കും. നിലവിൽ സ്ഥലംമാറ്റം ലഭിച്ചിരിക്കുന്ന തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ശസ്ത്രക്രിയ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഇല്ലാത്തതാകുന്നു. കൂടാതെ, തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രി മുൻപ് ജോലി നോക്കിയിരുന്ന എറണാകുളം ജനറൽ ആശുപത്രിയിൽ നിന്നും 15 കി.മീ. ഉള്ളിലായതിനാൽ സ്ഥലംമാറ്റ മാനദണ്ഡ പ്രകാരം രണ്ടും ഒരേ സ്റ്റേഷനായി കണക്കാക്കപ്പെടുന്നതാണ്. കരട് സ്ഥലംമാറ്റ പട്ടികയിൽ ആലുവ ജില്ലാ ആശുപത്രിയിൽ നിയമനം അനുവദിക്കുകയും, ആയതിനെതിരെ മറ്റ് എതിർപ്പുകളൊന്നും ലഭിച്ചിരുന്നില്ല എങ്കിലും അന്തിമ ഉത്തരവിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ടി സ്ഥലംമാറ്റം അനുവദിച്ചിരുന്നില്ല. ആയതിനാൽ ആലുവ ജില്ലാ ആശുപത്രിയിൽ സ്ഥലംമാറ്റം അനുവദിച്ചു നൽകുകയോ അല്ലെങ്കിൽ പൊതുസ്ഥലംമാറ്റത്തിന് മുൻപ് ജോലി നോക്കിയിരുന്ന എറണാകുളം ജനറൽ ആശുപത്രിയിൽ നിലനിറുത്തുകയോ ചെയ്യേണ്ടതാണ്.

3) Annexure A8 അപ്പീൽ അപേക്ഷയിന്മേലുള്ള ആരോഗ്യ വകുപ്പ് ഡയറക്ടറുടെറിപ്പോർട്ട് ചുവടെ ചേർക്കുന്നു:

എറണാകുളം ജനറൽ ആശുപത്രിയിലെ ഓർത്തോപീഡിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റും OA(EKM) 1139/2024 നമ്പർ കേസിലെ അപേക്ഷകനുമായ ഡോ.രാജേഷ്.കെ 2024 ലെ പൊതു സ്ഥലംമാറ്റത്തിന് വേണ്ടി ചുവടെ ചേർത്തിരിക്കുന്ന സ്റ്റേഷനുകളിൽ അപേക്ഷ

സമർപ്പിച്ചിരുന്നു.

| ക്രമ നം. | ഓപ്ഷൻ |
|---|---|
| 1 | ജില്ലാ ആശുപത്രി, ആലുവ, എറണാകുളം |
| 2 | താലൂക്ക് ആസ്ഥാന ആശുപത്രി, തൃപ്പൂണിത്തുറ, എറണാകുളം |
| 3 | താലൂക്ക് ആശുപത്രി, പിറവം, എറണാകുളം |
| 4 | താലൂക്ക് ആസ്ഥാന ആശുപത്രി, കരുവേലിപ്പടി, എറണാകുളം |

2024 ലെ പൊതു സ്ഥലമാറ്റത്തിനായി ഓർത്തോ വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലുള്ള മെഡിക്കൽ ഓഫീസർമാർ സമർപ്പിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ തയാറാക്കിയ കരട് പട്ടികയിൽ അപേക്ഷകനായ ഡോ.രജേഷ്.കെ.യെ 1-ാമത്തെ ഓപ്ഷനായ ആലുവ ജില്ലാ ആശുപത്രിയിലും, ആലുവ ജില്ലാ ആശുപത്രിയിൽ ജോലി നോക്കിയിരുന്ന ഡോ.സിറിൽ ജി. ചെറിയാനെ 2-മത്തെ ഓപ്ഷനായ തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്കും, അപേക്ഷകൻ ഫയൽ ചെയ്ത OA-യിലെ 4-ാം എതിർകക്ഷിയായ ഡോ.രാകേഷ്.എസ്.-നെ 22-ാമത്തെ ഓപ്ഷനായ ചാലക്കുടി താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്കും, തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി നോക്കിയിരുന്ന ഡോ.പൂർണ്ണിമ.പി.-യെ 2-ാമത്തെ ഓപ്ഷനായ എറണാകുളം ജനറൽ ആശുപത്രിയിലേയ്ക്കും സ്ഥലംമാറ്റത്തിന് ഉൾപ്പെടുത്തിയിരുന്നു. IRVAN syndrome എന്ന രോഗം ബാധിച്ചതിനാൽ ഒന്നാമത്തെ ഓപ്ഷനായ എറണാകുളം ജനറൽ ആശുപത്രിയിലേക്ക് സ്ഥലമാറ്റം അനുവദിക്കണമെന്ന് ഡോ.സിറിൽ ജി. ചെറിയാനും എസ്.സി/എസ്.ടി വിഭാഗത്തിൽ ഉൾപ്പെടുന്ന വ്യക്തി ആയതിനാലും ടി സംരക്ഷണം മുൻപ് ലഭിച്ചിട്ടില്ലാത്തതിനാലും സ്ഥലം മാറ്റത്തിന് മുൻഗണന ലഭിക്കാനുള്ള യോഗ്യതയുള്ളതിനാൽ കരട് സ്ഥലംമാറ്റ പട്ടിക പുനഃപരിശോധിക്കണമെന്ന് ഡോ.എസ്.രാകേഷും സമർപ്പിച്ച അപ്പീലിന്റെ അടിസ്ഥാനത്തിൽ അന്തിമ ഉത്തരവിൽ ചുവടെ പറയുന്ന രൂപത്തിൽ മാറ്റങ്ങൾ വരുത്തിയിരുന്നു.

| പേര്, പൊതുസ്ഥലംമാറ്റത്തിന് മുൻപ് ജോലി നോക്കിയിരുന്ന സ്ഥാപനം | കരട് സ്ഥലംമാറ്റ പട്ടികയിൽ ഉൾപ്പെടുത്തിയിരുന്ന സ്ഥാപനം (ഓപ്ഷൻ സഹിതം) | അന്തിമ ലിസ്റ്റ് പ്രകാരം സ്ഥലംമാറ്റം നൽകിയ സ്ഥാപനം (ഓപ്ഷൻ സഹിതം) | റിമാർക്സ് |
|---|---|---|---|
| ഡോ.രാജേഷ്.കെ. ( അപേക്ഷകൻ) | | താലൂക്ക് ആസ്ഥാന | |

| | | | |
|---|---|---|---|
| ജനറൽ ആശുപത്രി, എറണാകുളം | ജില്ലാ ആശുപത്രി , ആലുവ (1st option) | ആശുപത്രി, തൃപ്പൂണിത്തുറ, എറണാകുളം (2nd option) | |
| ഡോ.സിറിൽ ജി. ചെറിയാൻ ജില്ലാ ആശുപത്രി, ആലുവ | താലൂക്ക് ആസ്ഥാന ആശുപത്രി, തൃപ്പൂണിത്തുറ, എറണാകുളം (2nd option) | ആലുവ ജില്ലാ ആശുപത്രിയിൽ തന്നെ നിലനിറുത്തി | അനുകമ്പാർഹമായ കാരണങ്ങളാൽ |
| ഡോ.രാകേഷ്.എസ്. താലൂക്ക് ആസ്ഥാന ആശുപത്രി, കരുനാഗപ്പള്ളി, കൊല്ലം | താലൂക്ക് ആസ്ഥാന ആശുപത്രി, ചാലക്കുടി (22nd option) | ജനറൽ ആശുപത്രി, എറണാകുളം (1st option) | SC/ST protection |
| ഡോ.പൂർണ്ണിമ പി. താലൂക്ക് ആസ്ഥാന ആശുപത്രി, തൃപ്പൂണിത്തുറ, എറണാകുളം | ജനറൽ ആശുപത്രി, എറണാകുളം. (2nd option) | താലൂക്ക് ആസ്ഥാന ആശുപത്രി, കരുവേലിപ്പടി, എറണാകുളം (4th option) | |

OA-യിലെ നാലാമത്തെ എതിർകക്ഷിയായ ഡോ.രാകേഷ്.എസ് എസ്.സി/എസ്.ടി വിഭാഗത്തിൽ ഉൾപ്പെടുന്ന വ്യക്തിയായിരുന്നെങ്കിലും, ടിയാന് നിയമാനുസൃതം ലഭിക്കേണ്ട മുൻഗണന സാങ്കേതിക പിഴവ് കാരണം കരട് പട്ടികയിൽ പരിഗണിക്കപ്പെട്ടില്ലാത്തതിനാലാണ് ടി സംരക്ഷണം നൽകി അന്തിമ പട്ടികയിൽ ടിയാന് ഒന്നാമത്തെ ഓപ്ഷനായ എറണാകുളം ജനറൽ ആശുപത്രിയിൽ നിയമനം അനുവദിച്ചിരുന്നത്. അപേക്ഷകൻ എസ്.സി. വിഭാഗത്തിൽ ഉൾപ്പെടുന്ന വ്യക്തിയായതിനാലും മിശ്ര വിവാഹിതനായതിനാലും കരട് പട്ടികയിൽ അലോട്ട് ചെയ്ത പ്രകാരം അന്തിമ പട്ടികയിലും ആലുവ ജില്ലാ ആശുപത്രിയിൽതന്നെ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും, ടി സംരക്ഷണ പ്രകാരമുള്ള 5 വർഷ സർവ്വീസ് ടിയാൾ എറണാകുളം ജനറൽ ആശുപത്രിയിൽ ജോലി ചെയ്തിരുന്ന കാലയളവിൽ നേടിയിട്ടുള്ളതിനാൽ വീണ്ടും അനുവദിക്കാൻ കഴിയുന്നതല്ല. ഈ സാഹചര്യത്തിലാണ് കരട് പട്ടികയിൽ ടിയാന് അനുവദിക്കപ്പെട്ട സ്റ്റേഷൻ പുനപരിശോധിക്കേണ്ടി വന്നത്. ഡോ. സിറിൽ.ജി.ചെറിയാന്റെ ഒന്നാമത്തെ ഓപ്ഷനായ എറണാകുളം ജനറൽ ആശുപത്രിയിൽ മറ്റൊരു ഒഴിവില്ലാത്ത സാഹചര്യത്തിലും ടിയാന്റെ അനുകമ്പാർഹമായ കാരണങ്ങൾ പരിഗണിച്ചുമാണ് ടിയാനെ ആലുവ ജില്ലാ ആശുപത്രിയിൽ തന്നെ നിലനിർത്തേണ്ടി വന്നത്. ഡോ.സിറിൽ.ജി.ചെറിയാനെ ആലുവ ജില്ലാ ആശുപത്രിയിൽ നിലനിർത്തേണ്ടി വന്ന സാഹചര്യത്തിലാണ് പ്രസ്തുത OA യിലെ അപേക്ഷകനായ ഡോ.രാജേഷ്.കെ-ക്ക് കരടു പട്ടികയിൽ ഒന്നാമത്തെ ഓപ്ഷനായ ആലുവ ജില്ലാ ആശുപത്രി അനുവദിച്ചിരുന്നുവെങ്കിലും അന്തിമ പട്ടികയിൽ രണ്ടാമത്തെ ഓപ്ഷനായ തൃപ്പൂണിത്തറ താലൂക്ക് ആശുപത്രി പരിഗണിക്കേണ്ടിവന്നത്. ടി സ്റ്റേഷൻ 15 കിലോമീറ്റർ ചുറ്റളവിൽ ഉള്ളതാണ്. കൂടാതെ കരട് പട്ടികയിൽ രണ്ടാമത്തെ ഓപ്ഷൻ അനുവദിച്ചിരുന്ന

ഡോ.പൂർണിമ.പി. എന്നവർക്ക് നാലാമത്തെ ഓപ്ഷനായ എറണാകുളം കരുവേലിപ്പടി താലൂക്ക് ആസ്ഥാന മഹാരാജാസ് ആശുപത്രിയിയാണ് അന്തിമ പട്ടികയിൽ അനുവദിച്ചിട്ടുള്ളത്. ഏതെങ്കിലും ഘട്ടത്തിൽ ഡോ.രാകേഷ്.എസ്, ഡോ.സിറിൽ.ജി.ചെറിയാൻ എന്നിവരുടെ അന്തിമ പട്ടികയിലെ നിയമനം പുനപരിശോധിക്കേണ്ടിവന്നാൽ അപേക്ഷകനായ ഡോ.കെ.രാജേഷിനെക്കാൾ സ്റ്റേഷൻ സീനിയോറിറ്റിയുള്ള ഡോ.പി.പൂർണിമയെയാണ് പരിഗണിക്കേണ്ടത്. കൂടാതെ ടി ജീവനക്കാർ അന്തിമ പട്ടികയിൽ അനുവദിക്കപ്പെട്ട സ്റ്റേഷനുകളിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതാണ്.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. എറണാകുളം ജനറൽ ആശുപത്രിയിലെ ഓർത്തോപീഡിക് സർജനായ അപേക്ഷകൻ ഡോ.രാജേഷ്.കെ.യ്ക്ക് 2024 പൊതുസ്ഥലംമാറ്റ പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സ്ഥലംമാറ്റം അനുവദിച്ച് നൽകിയിരിക്കുന്നത് തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്കാണ്. എറണാകുളം ജനറൽ ആശുപത്രിയും തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയും 15 കി.മീ. ചുറ്റളവിനുള്ളിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങൾ ആയതിനാൽ ടി സ്ഥാപനങ്ങളെ സ്ഥലംമാറ്റ മാനദണ്ഡ പ്രകാരം ഒരു സ്റ്റേഷനായി കണക്കാക്കുന്നു. ആയതിനാൽ അപേക്ഷകന് സ്ഥലംമാറ്റം നൽകിയതായി കണക്കാക്കാൻ കഴിയില്ല. അപേക്ഷകന്റെ ഒന്നാമത്തെ ഓപ്ഷനായ ആലുവ ജില്ലാ ആശുപത്രിയിൽ നിലവിൽ ജോലി നോക്കി വരുന്ന ഡോ.സിറിൽ ജി ചെറിയാൻ ടി സ്ഥാപനത്തിൽ 6 വർഷ കാലാവധി പൂർത്തിയാക്കിയിട്ടുള്ളതാകുന്നു. IRVAN syndrome എന്ന രോഗം ബാധിച്ചതിനാൽ ഒന്നാമത്തെ ഓപ്ഷനായ എറണാകുളം ജനറൽ ആശുപത്രിയിലേക്ക് സ്ഥലമാറ്റം അനുവദിക്കണമെന്നാണ് ഡോ.സിറിൽ ജി. ചെറിയാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്. എന്നാൽ എറണാകുളം ജനറൽ ആശുപത്രിയിൽ ടിയാന് നിയമനം നൽകാൻ കഴിയാത്ത സാഹചര്യത്തിലാണ് ആരോഗ്യ വകുപ്പ് ഡയറക്ടർ ടിയാനെ ആലുവ ജില്ലാ ആശുപത്രിയിൽ തന്നെ തുടരാൻ അനുവദിച്ചിരിക്കുന്നത്. IRVAN syndrome കാഴ്ചയുമായി ബന്ധപ്പെട്ടു വരുന്നതിനാൽ തന്നെ ടി അവസ്ഥയുള്ള മെഡിക്കൽ ഓഫീസറിന് ഓർത്തോ വിഭാഗത്തിലെ ശസ്ത്രക്രിയകൾ നടത്തുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകാൻ സാധ്യതയുണ്ട്. ആലുവ ജില്ലാ ആശുപത്രിയിൽ ഓർത്തോ വിഭാഗത്തിൽ ശസ്ത്രക്രിയ ചെയ്യുന്നതിന് എല്ലാ സൗകര്യങ്ങളും ഉള്ള ആശുപത്രിയാണ്. എന്നാൽ തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ശസ്ത്രക്രിയയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ല എന്ന് അപേക്ഷകൻ Annexure A8 അപേക്ഷയിൽ പറയുന്നുണ്ട്. കൂടാതെ, ഡോ.സിറിൽ ജി. ചെറിയാന്റെ രണ്ടാമത്തെ ഓപ്ഷനാണ് തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രി. ടിയാനെ നിലവിൽ തുടരുവാൻ അനുവദിച്ചിരിക്കുന്ന സ്ഥാപനം അപേക്ഷകന്റെ ഒന്നാമത്തെ ഓപ്ഷനുമാണ്. ഡോ.സിറിൽ ജി. ചെറിയാന്റെ അസുഖം സംബന്ധിച്ച് അനുകമ്പാർഹമായ കാരണം പരിശോധിച്ചാൽ ടിയാന്റെ ഒന്നാമത്തെ ഓപ്ഷനായ എറണാകുളം ജനറൽ ആശുപത്രിയിൽ നിന്നും 15 കി.മീ. ചുറ്റളവിൽ തന്നെയാണ് തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയും സ്ഥിതി ചെയ്യുന്നത്. ആയതിനാൽ യാത്ര ചെയ്യുന്നതുമായി ബന്ധപ്പെട്ടു വരുന്ന അസൗകര്യങ്ങൾ ടിയാനെ തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിയാൽ ഉണ്ടാകുന്നില്ല. ഡോ.രാജേഷ്.കെ.-യുടെയും ഡോ.സിറിൽ ജി. ചെറിയാന്റെയും നിലവിലെ നിയമനങ്ങൾ പുനഃപരിശോധിക്കുന്ന

സാഹചര്യത്തിൽ, ആലുവ ജില്ലാ ആശുപത്രിയിലേയ്ക്ക് അപേക്ഷകനെക്കാൾ സ്റ്റേഷൻ സീനിയോറിറ്റി കൂടുതലുള്ള ഡോ.പി.പൂർണ്ണിമയെയാണ് പരിഗണിക്കേണ്ടത് എന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) കത്തിൽ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ ഡോ.പി.പൂർണ്ണിമയുടെ മൂന്നാമത്തെ ഓപ്ഷനാണ് ആലുവ ജില്ലാ ആശുപത്രി, അപേക്ഷകന്റെ ഒന്നാമത്തെ ഓപ്ഷനും. കൂടാതെ, നിലവിൽ കരുവേലിപ്പടി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ നിയമനത്തിനെതിരെ ഡോ.പൂർണ്ണിമ ആക്ഷേപം ഉന്നയിച്ചിട്ടില്ലാത്തതും, ടിയാൾ കരുവേലിപ്പടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ്. ഈ വസ്തുതകൾ കണക്കിലെടുത്ത്, ഓർത്തോപീഡിക് വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.രാജേഷ്.കെ.-ക്ക് ടിയാളുടെ ഒന്നാമത്തെ ഓപ്ഷനായ ആലുവ ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ചുകൊണ്ടും, ആലുവ ജില്ലാ ആശുപത്രിയിൽ നിലവിൽ ജോലി നോക്കി വരുന്ന ഓർത്തോപീഡിക് സർജറി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.സിറിൽ ജി. ചെറിയാനെ ടിയാളുടെ രണ്ടാമത്തെ ഓപ്ഷനായ തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) OA(EKM) 1139/2024 നമ്പർ ഹർജിയിന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ പരാമർശം (2) ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
Dr.Rajesh.K., Junior Consultant (Anaesthesia), Flat No. 9-D, Abab Knights Bridge, Pandarachira Road, Kadavantra, Kochi, Kadavantra, Ernakulam-682 020,
Dr.Cyril G. Cheriyan, Junior Consultant (Anaesthesia), District Hospital, Aluva, Ernakulam.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
സെക്ഷൻ ഓഫീസർ
Date: 19-11-2024 11:53:04